## 657

ഭയപ്പെടാതെ നാം പോയിടാം യിസ്രായേലിൻ ദൈവം കൂടെയുണ്ട്
അന്ധകാരമാമീ ലോകയാത്രയിൽ അനുദിനമവൻ നമ്മെ നടത്തിടുന്നു

1 മരുഭൂമിയിലെ യാത്രയിലും നീ മാറാത്ത ദൈവമല്ലോ
കാടപ്പക്ഷിയും മന്നയും കൊണ്ടവൻ തൃപ്തരായി നടത്തിടുന്നു-

2 തിരമാലകൾ വൻ ഭാരങ്ങളിലും നീ മാറാത്ത ദൈവമല്ലോ
കാറ്റേ ശാസിച്ച കാൽവറി നാഥൻ കാത്തു സൂക്ഷിച്ചിടുന്നു-

3 പലവ്യാധികളാൽ വലഞ്ഞിടും നേരം മാറാത്ത ദൈവമല്ലോ
ആത്മവൈദ്യനാം ശ്രീയേശു നായകൻ സൗഖ്യം പ്രദാനം ചെയ്യും-

4 മരണത്തിൻ കൂരിരുൾ താഴ്‌വരയിലും നീ മാറാത്ത ദൈവമല്ലോ
ഈ ലോകത്തിലെ യാത്ര തീർന്നിടുമ്പോൾ ചേർത്തിടും ഭാഗ്യനാട്ടിൽ-